"ഭരണഭാഷ-മാതൃഭാഷ"

No. DWCD/4155/2025-ICDSB4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 31-07-2025
E-Mail:directorate.wcd@kerala.gov.in
dicdsb4@gmail.com
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ. സി. ഡി. എസ് - അങ്കണവാടി വർക്കർ ഹെൽപ്പർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് - സംബന്ധിച്ച്-

സൂചന:-
1 30.14.2018 തീയതിയിലെ സ ഉ (സാധാ) നം 254/2018/സാനീവ നമ്പർ സർക്കാർ ഉത്തരവ്
2 22.02.2020 ലെ സാനീവ/B2/406/2019/സാനീവ സർക്കാർ പരിപത്രം
3 വനിത ശിശു വികസന ഡയറക്ടറുടെ 01.12.2022 ലെ DWCD/5260/2022/ICDSB4 നമ്പർ പരിപത്രം
4 കേന്ദ്രസർക്കാരിന്റെ 24.06.2025 ലെ F.No.11/2/2019-CD-1 നമ്പർ കത്ത്
5 ജില്ല വനിത ശിശു വികസന ഓഫീസർമാരുടെ ഗൂഗിൾ ഷീറ്റ് റിപ്പോർട്ടുകൾ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലെ പോഷകാഹാരക്കുറവിന്റെ വെല്ലുവിളിയെ നേരിടുക എന്ന ലക്ഷ്യത്തോടെയാണ് സക്ഷം അങ്കണവാടി & പോഷൺ 2.0 പദ്ധതി നടപ്പിലാക്കുന്നത്. അർഹരായ ഗുണഭോക്താക്കൾക്ക് സേവനങ്ങൾ എത്തിക്കുന്ന ദൗത്യം അങ്കണവാടി കേന്ദ്രങ്ങൾ മുഖേനയാണ് നിർവ്വഹിക്കുന്നത്. പ്രതിമാസം 25 ഭക്ഷണ ദിവസം കണക്കാക്കിയാണ് ഗുണഭോക്താക്കൾക്ക് പോഷകാഹാരം വിതരണം ചെയ്തു വരുന്നത്. ആയതിനാൽ അങ്കണവാടികളിലെ ശരിയായ പ്രവർത്തനങ്ങൾക്ക് അങ്കണവാടി പ്രവർത്തകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് അഭികാമ്യമല്ല എന്ന് സൂചന (4) പ്രകാരം കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

എം പി ആർ, പോഷൺ ട്രാക്കർ, സൂചന (5) റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ നിരവധി ഐ സി ഡി എസ്-കളുടെ പരിധിയിലുള്ള അങ്കണവാടികളിൽ ഒഴിവുകൾ നികത്താതെ കിടക്കുന്നതായി കാണുന്നു. ആയതിൽ അധിക ചുമതല പോലും നൽകാതെ ഒഴിഞ്ഞുകിടക്കുന്ന അങ്കണവാടികളും ഉണ്ടെന്ന് മനസിലാകുന്നു. ആയതിനാൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി നിയമന നടപടികൾ നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1. ബഹു.ഹൈക്കോടതി, വകുപ്പ് സെക്രട്ടറി, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, ജില്ലാ വനിത ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവരുടെ നിർദ്ദേശം ഇല്ലാതെ അങ്കണവാടി വർക്കർ / ഹെൽപ്പർ എന്നിവർക്ക് അധിക ചുമതല നൽകുവാൻ പാടുള്ളതല്ല.

2. **അങ്കണവാടി വർക്കർ / ഹെൽപ്പർ തസ്തികകൾ യാതൊരു കാരണവശാലും ഒഴിച്ചിടുവാൻ**

പാടുള്ളതല്ല.

3. ബഹു. ഹൈക്കോടതി, വകുപ്പ് സെക്രട്ടറി, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, ജില്ലാ വനിത ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവരുടെ നിർദ്ദേശം പ്രകാരം അങ്കണവാടി വർക്കർ / ഹെൽപ്പർ എന്നിവർക്ക് അധിക ചുമതല നൽകുന്ന പക്ഷം അങ്കണവാടി പ്രവർത്തനങ്ങൾക്ക് മുടക്കം വരാൻ പാടുള്ളതല്ല.

4. ഏതെങ്കിലും തരത്തിലുള്ള ലിസ്റ്റുകൾ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ, താൽക്കാലിക നിയമനം ഒഴിവാക്കി അടിയന്തിരമായി സൂചന (1), (2), (3) പ്രകാരം സ്ഥിര നിയമനം നടത്തേണ്ടതാണ്.

5. ഏതെങ്കിലും അങ്കണവാടി വർക്കർ ഹെൽപ്പർ ഒഴിവുകൾ നിലവിൽ വരുന്ന പക്ഷം സൂചന (1), (2), (3) പ്രകാരമുള്ള മുൻഗണനക്രമപ്രകാരമുള്ള ലിസ്റ്റുകൾ നിലവിൽ ഉള്ളപക്ഷം 15 ദിവസത്തിനകം അപ്രകാരം നിയമനം നടത്തേണ്ടതാണ്.

6. നിയമനം, അവധി, ഒഴിവുകൾ, അധിക ചുമതല മുതലായവ ICDS-കളിൽ അതാത് രജിസ്റ്ററുകളിൽ യഥാസമയം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ് - എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും